

# ചങ്ങാതി

രണ്ടാം ക്ലാസ്

ജി .എൽ .പി .സ്കൂൾ വട്ടേനാട്

2A

# പുൽച്ചാടി

എനിക്കുമുണ്ടൊരു കൂട്ടുകാരൻ പുൽച്ചാടി .

അവന്റെ പേരാണ് ജമ്പു .

തുള്ളിച്ചാടി നടക്കും ജമ്പു .

പുല്ലിന്നടിയിൽ കളിക്കും ജമ്പു .


ഒളിച്ചിരുന്ന് പ്രാണികളെ പിടിക്കും ജമ്പു .

അവന്റെ നിറമാണ് പച്ച .

എനിക്കിഷ്ടമുള്ള നിറവും പച്ച .



റിതിൻ പി



2A



## തത്ത ചങ്ങാതി

പച്ചപ്പട്ടിൻ കുപ്പായം
തുടുത്തുനിൽക്കും ചെഞ്ചുണ്ടും
നെൽക്കതിർ കൊത്തിപ്പറക്കുമ്പോൾ
നിന്നെ കാണാൻ എന്തു ഭംഗി
സുന്ദരിത്തത്തമ്മേ



അലൻ കൃഷ്ണ .എം .ബി



2A

# തത്തമ്മ



പച്ചയുടുപ്പിട്ട തത്തമ്മേ
എങ്ങോട്ടാ നീ പോകുന്നേ
ചുവന്ന ചുണ്ടാൽ കൊത്തിയെടുക്കാൻ
നെൽക്കതിർ തേടിപ്പോകുന്നോ ?
പാലും ,പഴവും നിനക്കു തരാൻ
കാത്തുകാത്തു നിൽക്കും ഞാൻ
പാലും , പഴവും നൽകീടിൽ
എൻെറ കൂടെ വരുമോ നീ ?

നീഹാര എ വി



2A




## പൂമ്പാറ്റ

പൂവിലിരിക്കും പൂമ്പാറ്റേ
പൂന്തേനുണ്ണും പൂമ്പാറ്റേ
പാറിനടക്കും പൂമ്പാറ്റേ
കിളിയുടെ പാട്ടുകൾ കേൾക്കാനോ
നാടിൻ കാഴ്ചകൾ കാണാനോ
ആഹാ...ആഹാ പൂമ്പാറ്റേ

*ഹണികൃഷ്ണ ആർ*



2 E

Abhindev TS

# പൂത്തുമ്പീ



തുമ്പി തുമ്പി പൂത്തുമ്പീ

പാറിനടക്കും  പൂത്തുമ്പി

എന്നടെക്കൂടെപോരാമോ

എന്നോടൊത്തു കളിക്കാമോ

പാലും തേനും തന്നീടാം

പുത്തനുടുപ്പും നൽകീടാം

തുമ്പി തുമ്പി പൂത്തുമ്പി

എന്നടെക്കൂടെ പോരാമോ

ആത്മജ

2E



# പൂങ്കോഴി

കൊക്കരകൊക്കോ കൂകിനടക്കും

സുന്ദരനാമൊരു പൂങ്കോഴി

നേരം പുലർന്നാൽ കൊക്കരകൊക്കോ

കൂവിയുണർത്തും പൂങ്കോഴി

മഞ്ഞകൊക്കും ചുവന്ന പൂവും

എന്തൊരു ചന്തം പൂങ്കോഴി

പറന്ന് വന്നാൽകൊക്കരകൊക്കോ

കൂകിവിളിക്കും പൂങ്കോഴി

2A



# പുള്ളിയുടുപ്പിട്ട ചങ്ങാതി

പൂന്തോട്ടത്തിലൊളിച്ചു നടക്കും
പുള്ളിയുടുപ്പിട്ട ചങ്ങാതി
പൂവുകൾ തോറും പാറിപ്പാറി
തേൻകുടിക്കും ചങ്ങാതി
പമ്മിപ്പമ്മി ചെല്ലും നേരും
പറന്നുപോകും ചങ്ങാതി
ആഹാ എന്തൊരു ചന്തം ചന്തം
പുള്ളിയുടുപ്പിട്ട ചങ്ങാതി
പൂമ്പാറ്റ ചങ്ങാതി .

റസാന .കെ



## തത്തമ്മ പെണ്ണ്

അത്തിമരത്തിലെ തത്തമ്മ പെണ്ണെ

എന്നുടെ കൂടെ പോരാമോ

പച്ചയുടുപ്പിട്ട് ചുവന്ന ചുണ്ടുള്ള

നിന്നെ കാണാൻ എന്തു രസം

പാലും പഴവുംനൽകീടാം

ഊഞ്ഞാലാടി രസിച്ചീടാം

ഷസ രണ്ട് ബി



## തത്ത ചങ്ങാതി



എനിക്കുമുണ്ടൊരു ചങ്ങാതി

പച്ച നിറത്തിൽ ചങ്ങാതി...

പാറി നടക്കും ചങ്ങാതി

നെൽകതിർ തിന്നും ചങ്ങാതി

പാട്ടികൾ പാടും ചങ്ങാതി

എന്തൊരു ചന്തം ചങ്ങാതി

കൃഷ്ണവേണി രണ്ട് ബി

# ആമ ചങ്ങാതി

വെള്ളത്തിൽ നീന്തി നടക്കും
ചങ്ങാതി ആമ ചങ്ങാതി
അകവും പുറവും കണ്ടാലൊരു
പാറപോല ചങ്ങാതി
ആളെ കണ്ടാൽ തലയും വാലും
ഉള്ളിൽ വലിക്കും ചങ്ങാതി

നിദ ഫാത്തിമ രണ്ട് ബി



# തുമ്പി

പറന്നു പാറി പ്പാറി നടക്കും
സുന്ദരി തുമ്പി പൂത്തുമ്പി
നിന്നെകാണാൻ എന്തൊരു ചന്തം
നീയാണെൻ ചങ്ങാതി
പൂവിലെയെല്ലാം തേൻ നുകരും
സുന്ദരി തുമ്പി ചങ്ങാതി

ശ്രാവൺരണ്ട് ബി



2 B

## കുറുമ്പിക്കാക്ക

കാക്കേ കാക്കേ കുറുമ്പിക്കാക്കേ
കറുപ്പുനിറമാണു നിൻ ചന്തം
പരിസരമെല്ലാം വൃത്തിയാക്കും
നീയും എന്നുടെ ചങ്ങാതി
നെയ്യപ്പം ഞാൻ തന്നീടാം
ചങ്ങാതി നീ വരുമോ നീ

ആയുഷ് കെ പിരണ്ട് ബി



# പുള്ളിപ്പശു

തുള്ളിത്തുള്ളിച്ചാടി നടക്കും
പുള്ളിപ്പശുവെൻ ചങ്ങാതി
പച്ചപ്പുല്ലും വെള്ളവും മോന്തി
കുതിച്ചു പായും ചങ്ങാതി
പാലും തൈരും വെണ്ണയുമെല്ലാം
എനിക്കു നൽകും ചങ്ങാതി

മീരലക്ഷ്മി



2 C

# വരയൻ അണ്ണാൻ ചങ്ങാതി

മരങ്ങൾക്കിടയിൽ ചാടിനടക്കും
കൊച്ചുമിടുക്കൻ ചങ്ങാതി
മുതുകിൽ ഭസ്മക്കുറിയുമണിഞ്ഞ്
കുറുമ്പ് കാട്ടി നടക്കും ചങ്ങാതി
മാവുകൾ തോറും കയറിയിറങ്ങും
മാമ്പഴം തിന്നുന്നൊരു ചങ്ങാതി



ആദിവ് .ബി. നായർ

2 C

# പൂമ്പാറ്റ

പാറി പാറി വരുന്നൊരു പൂമ്പാറ്റ

കുഞ്ഞി കുഞ്ഞി പൂമ്പാറ്റ

പൂവുകൾ തോറും പാറിനടക്കും

പൂന്തേനുണ്ണും പൂമ്പാറ്റ

പലനിറങ്ങളുള്ളൊരു പൂമ്പാറ്റ

എന്തൊരു ചന്തം പൂമ്പാറ്റ

ആര്യനന്ദ .പി
2 C



2 C

# എന്റെ തത്തമ്മ

തത്തി തത്തി തത്തി നടക്കും
എന്റെ കുഞ്ഞി തത്തമ്മ



പച്ചപ്പട്ടും ചെഞ്ചുണ്ടും
കാട്ടി
എന്നും കിന്നാരം ചൊല്ലും
എന്റെ കുഞ്ഞി തത്തമ്മ
വയലിൽ പാറി നെൽക്കതിർ കൊത്തും
അരിയും പയറും തിന്നീടും
കൂട്ടിലിട്ടാൽ കലപില പാടും
കൂടു തുറന്നാൽ പാറിപറക്കും
എന്റെ കുഞ്ഞി തത്തമ്മ

ആര്യാനന്ദ എം

# കുറുഞ്ഞി പൂച്ച

കുറുഞ്ഞി പൂച്ചേ ഓടിക്കോ
മടി കൂടാതെ ഓടിക്കോ
കാച്ചിയപാലു കുടിക്കും
കള്ളി പൂച്ചേ ഒടിക്കോ
വറുത്തുവെച്ച മീനെല്ലാം
ഒറ്റയടിക്ക് അകത്താക്കും
വടിയുമെടുത്തമ്മ വരുന്നേ
സൂത്രക്കാരീ ഒടിക്കോ



ആയിഷ സജ്ന .കെ.പി

2 C

2 C

# വരയൻ അണ്ണാൻ

മരത്തിൻ മേൽ ഓടിനടക്കും

കുസൃതിക്കാരൻ ചങ്ങാതി

ചാരനിറത്തിൽ വരകൾ പൂശി

ദേഹം മിനുക്കിയ ചങ്ങാതി

തേനൂറും മാമ്പഴങ്ങൾ

കാർന്ന് തിന്നുന്നൊരു ചങ്ങാതി

ഇട തൂർന്ന തൻ വാലിട്ടാട്ടി

നമ്മെ രസിപ്പിക്കുന്നൊരു ചങ്ങാതി.

ഹംന ഫാത്തിമ .പി.എസ്



2 C

## പച്ചതത്തേ പനന്തത്തേ

പച്ചതത്തേ പനന്തത്തേ

എങ്ങോട്ടാണീ സഞ്ചാരം

മരപ്പൊത്തിൽ കുഞ്ഞുങ്ങളുണ്ടോ ?

പഴവും ധാന്യവും തേടിനടപ്പൂ

ചെഞ്ചുണ്ടിൽ കിന്നാരം ചൊല്ലാൻ

എന്നുടെ കൂടെ പോരുന്നോ ?

നിരഞ്ജന .എം .എസ്



## തേൻകാരി പൂമ്പാറ്റ

പൂവുകൾ തേടും പൂമ്പാറ്റ

പൂന്തേനുണ്ണും പൂമ്പാറ്റ

പൂമ്പൊടി വീശും പൂമ്പാറ്റ


പൂവിലുറങ്ങും പൂമ്പാറ്റ

മഴവില്ലാണോ നിന്നമ്മ

തരുമോ നീയൊരു കുഞ്ഞുമ്മ

മുങ്ങാം പൊങ്ങാം ഇളവെയിലിൽ

നീന്താം മറിയാം പൊൻവെയിലിൽ



ശ്രീഹരി.പി

2 C

## കിങ്ങിണി പൂച്ച

പൂച്ചേ പൂച്ചേ

ചങ്ങാതി പൂച്ചേ

ഓടി നടക്കും

കുറുമ്പി പൂച്ചേ

പാലു കുടിക്കും

മീൻ കഴിക്കും

മ്യാവൂ മ്യാവൂ

കിങ്ങിണി പൂച്ച




ശ്രീനന്ദൻ .വി.ബി

## പൂമ്പാറ്റ

പൂന്തോട്ടത്തിൽ പൂവുകൾ തോറും

പാറി നടക്കും പൂമ്പാറ്റ

പലനിറത്തിൽ പൂമ്പാറ്റ

എന്തൊരു ചന്തം പൂമ്പാറ്റ

തേൻ കുടിക്കും പൂമ്പാറ്റ

കളിച്ചു രസിക്കും പൂമ്പാറ്റ



പ്രദീപ്ത .കെ

2 C

# സുന്ദരി ചങ്ങാതി



പച്ചയുടുപ്പിട്ടൊരു ചങ്ങാതി

പച്ചതത്ത ചങ്ങാതി

പാട്ടുപാടും ചങ്ങാതി

കണ്ടാൽ രസികൻ ചങ്ങാതി

തെങ്ങിൻ പൊത്തിൽ ഒളിച്ചിരിക്കും

ചെഞ്ചുണ്ടിൽ ചായം പൂശിയ ചങ്ങാതി

കൂട്ടുകൂടി പാറി നടക്കും

എന്റെ സ്വന്തം തത്തചങ്ങാതി

ആദിദേവ് .കെ.ബി

2 C

# എന്റെ തത്തക്കുഞ്ഞ്

എന്റെ സ്വന്തം തത്ത



പച്ചയുടുപ്പിട്ട തത്ത

ചുവന്ന ചുണ്ടുള്ള തത്ത

മുളകു തിന്നും തത്ത

പയറു തിന്നും തത്ത

അങ്ങനെയങ്ങനെ തന്നുതിന്ന്

വയറു വീർത്തൊരു തത്ത

സ്വന്തം തത്തക്കുഞ്ഞുണ്ടായി

തത്തമ്മയ്ക്ക് സന്തോഷമായി

തത്തക്കുഞ്ഞിനെ കണ്ടപ്പോൾ

എനിക്കും സന്തോഷമായി

ആദിദേവ് . എസ്.മേനോൻ

# തേൻകാരി പൂമ്പാറ്റ

പൂമ്പാറ്റ നല്ല പൂമ്പാറ്റ

എൻ ചങ്ങാതി പൂമ്പാറ്റ

മഞ്ഞ നിറമുള്ള പൂമ്പാറ്റ

പാറിരസിക്കും പൂമ്പാറ്റ

തേൻകാരി പൂമ്പാറ്റ

എൻ ചങ്ങാതി പൂമ്പാറ്റ



ദീപ്ത .കെ .എസ്

2 E



പ്രാർത്ഥനാ സി നായർ

2E

# പുള്ളിപൂമ്പാറ്റ

പുള്ളിപൂമ്പാറ്റേ,പുള്ളിപൂമ്പാറ്റേ
നിന്നെകാണാൻ എന്തൊരു ചന്തം
തേൻകുടിക്കാൻ നീവരുമ്പോൾ
എനിക്കെന്തൊരു സന്തോഷം
പുള്ളിപൂമ്പാറ്റേ പുള്ളിപൂമ്പാറ്റേ
നിന്നെകാണാൻ എന്തൊരു ചന്തം

അവന്തിക

2E



# പൂച്ച

ഞങ്ങൾക്കുണ്ടൊരു പൂച്ച
സുന്ദരിയായൊരു പൂച്ച
ഞങ്ങളുടെ ഓമന പൂച്ച
കണ്ണ്തെറ്റിയാൽ
പാൽപാത്രം
തട്ടിമറിക്കും പൂച്ച

**2 E**



മുഹമ്മദ് ഹനീൻ
2E

# തത്തമ്മ

വീട്ടിലുണ്ടൊരു തൊട്ടാവാടി
തത്തമ്മ
പാട്ടുപാടിപാലുകുടിക്കും തത്തമ്മ
തത്തമ്മക്കൊരു പച്ചയുടുപ്പ്
തുന്നിയെൻെറമ്മ
കൊത്തിപ്പെറുക്കിമുറത്തിൽ
കൊത്തി തത്തമ്മ
വീട്ടിലുണ്ടൊരു തൊട്ടാവാടി
തത്തമ്മ
പാട്ടുപാടിപാലുകുടിക്കും തത്തമ്മ



ദിൽഷിഫ
2E

# പൂച്ച

കള്ളൻപൂച്ച കരിമ്പൂച്ച
പാൽകട്ടുകുടിക്കും കരിമ്പൂച്ച
പമ്മി പമ്മി വരും കരിമ്പൂച്ച
ആ കള്ളൻകരിമ്പൂച്ച
മ്യാവൂ മ്യാവൂ കരിമ്പൂച്ച

2 E



മുഹമ്മദ് റിസാൻ

# പച്ചതത്ത

പച്ചച്ചേല ഉടുത്തുചുറ്റിയ
പച്ചതത്തേ പനംതത്തേ
തത്തിതത്തിപാറിനടക്കും
പച്ചതത്തേപനംതത്തേ
നെൽക്കതിരെല്ലാം
കൊത്തിഎടുക്കാൻ
നാട്ടുചുറ്റണതത്തമ്മേ
ചുണ്ടിൽചായംതേച്ചിട്ടങ്ങനെ
ചെത്തിനടക്കണതെന്താണ്



## ചിന്നു തത്ത

വീട്ടിലുണ്ടൊരു തത്തമ്മ
തൊട്ടാവാടി തത്തമ്മ
പച്ചനിറത്തിലുടുപ്പിട്ട്
നെല്ലും പയറും തിന്നീടും
പാട്ടുകൾ പാടി രസിച്ചീടും
എന്നുടെ ചിന്നു തത്തമ്മ



നേഹ ബിനോയ്
2D

## എന്റെ താറാവ്

എനിക്കുണ്ടൊരു താറാവ്
എന്നുടെ താറാവ്
എന്നുടെ നല്ല താറാവ്
ഒരു കുഞ്ഞിതാറാവ്
വെള്ളത്തിൽ നീന്തും
എന്നുടെ താറാവ്
മുട്ടയിടും എന്റെ താറാവ്
ചന്തമുള്ള താറാവ്
എന്റെ താറാവ്



എയ്ഞ്ചൽ ജിതേഷ്
2D



# എന്നുടെസ്വന്തം ജിമ്മിക്കുട്ടി




കുതിച്ചു ചാടി വരുന്നുണ്ടേ
വെളുവെളുത്തൊരു നായ്ക്കുട്ടി
കുരച്ചു ചാടും നായ്ക്കുട്ടി
പേടിച്ചാരും ഓടരുതേ
കടിക്കയില്ല നായ്ക്കുട്ടി
എന്നുടെ കൂട്ടാണെന്നെന്നും
ഞാൻ കഴിക്കും ഭക്ഷണമെല്ലാം
അവനും കഴിച്ചു രസിച്ചീടും
ഞങ്ങടെ വീടിൻ മുറ്റത്ത്
കാവൽ കിടക്കും നായ്ക്കുട്ടി
ജിമ്മി എന്നു ഞാൻ വിളിച്ചാൽ
ഓടി വരുന്നൊരു നായ്ക്കുട്ടി
അനക്കമെങ്ങാൻ കേട്ടെന്നാൽ
ഉറക്കെ മോങ്ങും നായ്ക്കുട്ടി
നോട്ടം കണ്ടാൽ സിംഹത്താൻ
കൂട്ടു പിടിച്ചാൽ പാവത്താൻ

അമൃതേന്ദു സുജിത്ത് വരൂർ
2D



# കാക്കച്ചൻ

കരി മഷിചേലുള്ള കാക്കച്ചൻ

കണ്ടാലഴകുള്ള കാക്കച്ചൻ

ചുള്ളിക്കമ്പുകള് കൂട്ടിയിണക്കി

കൂടുണ്ടാക്കും കാക്കച്ചൻ

പരിസരം ശുചിയാക്കീടും

കാക്കകറുമ്പൻ കാക്കച്ചൻ

ചാടി ചാടി നടക്കും

കരിമഷിചേലുള്ളകാക്കച്ചൻ

വാഴകൊമ്പിൽ പറന്നിരിക്കും

കുഞ്ഞിചിറകുള്ള കാക്കച്ചൻ

അലൻകൃഷ്ണ
**2D**



# കറുമ്പികാക്ക



കക്കേ കാക്കേ കറുമ്പികാക്കേ

കൂവി വിളിക്കുവതാരേ നീ?

കൂട്ടു കളിപ്പാൻ കിളിയില്ലേ?

കൂട്ടിലിരിക്കാൻ കുഞ്ഞില്ലേ?

കാക്കേ കാക്കേ നിൻ നാദം

പര പര കേൾക്കണേ നിൻ ശബ്ദം

പേരിനൊപ്പം കിട്ടിയതോ?

മത്സരിച്ചു നേടിയതോ?

കാക്കേ നിന്നെ ദിനമെന്നും

കാണാനൊത്തിരി രസമാണേ

കേൾക്കാനൊത്തിരി സുഖമാണേ

കാണണമെന്നൊരു കൊതിയാണേ

സൂര്യകിരൺ.ആർ.എം

## സുന്ദരി മയിലമ്മ

അനയ സാജ്



എൻെറ വീട്ടിൽ പമ്മിവരും
സുന്ദരി മയിലമ്മ
ആരും കാണാതോടി വരും
വലിയൊരു മയിലമ്മ
ഒരു പീലി പൊഴിച്ചിടുമോ
എൻെറ മയിലമ്മേ



**എന്നും പ്രിയപ്പെട്ടവരാണ് ചങ്ങാതിമാർ**
**ഇവിടെ ഞങ്ങൾ രണ്ടാം ക്ലാസ്സുകാർ**
**അവരെ സ്നേഹപൂർവ്വം ഓർമ്മിക്കുന്നു .**
**ചെറിയ വരികളിലൂടെ......**
**വരകളിലൂടെ .......**